(ബി) കർഷക പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. നിയമജ്ഞരുടെയും വിദഗ്ദ്ധൻമാരുടെയും ഉപദേശങ്ങൾ ഗവൺമെന്റിന് ലഭ്യമാണ്.

(സി) ഉഭയകക്ഷി ചർച്ചകളിലൂടെ കരാറിൽ വേണ്ട മാറ്റങ്ങൾ വരുത്തണമെന്നുള്ളതാണ് പൊതുവെ ലഭിച്ചിട്ടുള്ള അഭിപ്രായം.

(ഡി) കരാർ പുതുക്കുവാൻ കരാറിൽ വ്യവസ്ഥയില്ല. കരാറിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് ഉഭയകക്ഷി സമ്മതപ്രകാരം കരാർ പുനരവലോകനം നടത്തുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും മാത്രമേ കരാർ പ്രകാരം- സാധിക്കുകയുള്ളൂ.

പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ

65 [783] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, വി. ബാലറാം:
,, പി. ജെ. ജോയി:
,, സി. പി. മുഹമ്മദ്:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പുതുക്കുന്നത് സംബന്ധിച്ച് എന്തെല്ലാം സംഗതികളിൽ ധാരണയായി;

(ബി) എന്തെല്ലാം കാര്യങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിച്ചു;

(സി) യോജിക്കുവാൻ ധാരണയായ സംഗതികൾ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് വിശദവിവരം നൽകുമോ;

(ഡി) ഇത് സംബന്ധിച്ച് രാഷ്ട്രീയ കക്ഷികളും ബഹുജന കർഷക നേതാക്കളുമായി ചർച്ച നടത്തുമോ;

(ഇ) വിയോജിപ്പുള്ള സംഗതികൾ സംബന്ധിച്ചുള്ള അനന്തര നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കാൻ വ്യവസ്ഥയില്ല. 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പുനരവലോകന ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. മാർച്ച് മാസത്തിൽ നടത്തുവാനുദ്ദേശിച്ചിട്ടുള്ള മുഖ്യമന്ത്രി തലത്തിലുള്ള ചർച്ചകൾക്കുശേഷമേ കരാർ പുനരവലോകനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാകുകയുള്ളൂ.

(ബി) മുഖ്യമന്ത്രി തലത്തിലുള്ള അവസാനഘട്ട ചർച്ചകൾക്കുശേഷമേ വിശദാംശങ്ങൾ വ്യക്തമാകുകയുള്ളൂ.

(സി) ബാധകമല്ല.

(ഡി) ആവശ്യമെന്നുകണ്ടാൽ ചർച്ച നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉഭയകക്ഷി ചർച്ചകളിലൂടെ വിയോജിപ്പുള്ള സംഗതികൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ

66 [784] ശ്രീ. ബി. വിജയകുമാർ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ബാലറാം:
,, ജോർജ്ജ് ജെ. മാത്യു:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കുന്നത് സംബന്ധിച്ച് ഈ വിഷയത്തിൽ അവഗാഹമുള്ള നിയമജ്ഞൻമാരും മറ്റുള്ളവരുമായി ആലോചിച്ചുവെങ്കിൽ അവരുടെ ഉപദേശമെന്തായിരുന്നു;

(ബി) ഇക്കാര്യത്തിൽ അന്തർ സംസ്ഥാന നദീജലപ്രശ്നം സംബന്ധിച്ച് പ്രാവീണ്യം നേടിയവരുടെ അഭിപ്രായം ആരായാത്തപക്ഷം അതിന് നടപടിയെടുക്കുമോ;

(സി) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ ലംഘനംമൂലം ദുരിതമനുഭവിക്കുന്ന പാലക്കാട്ടെ കർഷകരുടെ പ്രതിനിധികളുമായി കരാർ പുതുക്കുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തമിഴ്നാടുമായി ചർച്ച ചെയ്ത് കരാറിൽ വേണ്ട ഭേദഗതി വരുത്തുവാനായിരുന്നു മുൻ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശം. ഈ കരാറിന്റെ കാര്യത്തിൽ സങ്കീർണ്ണമായ നിയമപ്രശ്നങ്ങളൊന്നും അടങ്ങിയിട്ടില്ല.

(ബി) വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ഗവൺമെന്റിന് ലഭിക്കുന്നുണ്ട്.

(സി) കർഷക പ്രതിനിധികളുമായി ഇക്കാര്യത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കുന്നത് സംബന്ധിച്ച് നടത്തിയ ചർച്ച

67 [785] ശ്രീ. എ. കെ. ബാലൻ:
,, വി. കെ. ചന്ദ്രൻ:
,, വി. ചെറാമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കുന്നത് സംബന്ധിച്ച് തമിഴ്നാടുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly